WEDNESDAY 13.12.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് ഇടുക്കി ജില്ലയിലെ പീരുമേട്, കോട്ടയം ജില്ലയിലെ പൂഞ്ഞാർ (മുണ്ടക്കയം), കാഞ്ഞിരപ്പള്ളി (പൊൻകുന്നം), പുതുപ്പള്ളി (പാമ്പാടി) എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന(2022-23) യുടെ ഭാഗമായി 2023-24 വർഷത്തിൽ നടപ്പിലാക്കുന്ന ഓപ്പൺ പ്രെസിഷൻ ഫാമിംഗ് പദ്ധതിക്ക് തിരുവനന്തപുരം, കൊല്ലം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോഡ് ജില്ലകളിലെ പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട വാഴ /പച്ചക്കറി കർഷകരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. 1 ഹെക്ടർ വാഴക്ക് 96,000 രൂപയും, 1 ഹെക്ടർ പച്ചക്കറിക്ക് 91,000 രൂപയുമാണ് സബ്സിഡി നൽകുന്നത്. കൂടുതൽ വിവരങ്ങൾക്ക് കൃഷി സ്ഥലം സ്ഥിതി ചെയ്യുന്ന പരിധിയിലെ കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.

3. ഫിഷറീസ് വകുപ്പ് വഴി നടപ്പാക്കുന്ന പ്രധാനമന്ത്രി സമ്പദ് യോജന 2023-24 വിവിധ ഘടക പദ്ധതികളായ ഇന്റഗ്രേറ്റഡ് ഓർണമെന്റൽ ഫിഷ് റിയറിംഗ് യൂണിറ്റ്, മത്സ്യകുഞ്ഞുങ്ങളുടെ നഴ്സറി/മത്സ്യ പരിപാലന യൂണിറ്റ്, ഓരുജല കുള നിർമ്മാണം, ശുദ്ധജല മത്സ്യക്കൃഷിക്കായുള്ള പ്രവർത്തനചെലവ്, ഓരുജല മത്സ്യക്കൃഷിക്കായുള്ള പ്രവർത്തനചെലവ്, ഓരുജലകൂട് എന്നിവക്കും ബയോഫ്ളോക്ക് കുളം നിർമ്മാണം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

(വനിതകളിൽ നിന്നും) അപേക്ഷ ക്ഷണിച്ചു. പദ്ധതിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ തലശ്ശേരി, കണ്ണൂർ, മാടായി, അഴീക്കോട് മത്സ്യഭവൻ ഓഫീസുകളിൽ ലഭിക്കും. അപേക്ഷ അനുബന്ധരേഖകൾ സഹിതം ഡിസംബർ 16ന് വൈകിട്ട് നാല് മണി വരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497-2732340.

4. ആലപ്പുഴ: ക്ഷീരവികസന വകുപ്പ് ജില്ല ക്ഷീരസംഗമത്തിൻ്റെ ഭാഗമായി കാർഷിക മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കണ്ടുപിടിത്തങ്ങൾ, പുതിയ അറിവുകൾ, പുതു പ്രവർത്തന രീതികൾ തുടങ്ങിയ നൂതന ആശയങ്ങൾ നടപ്പിലാക്കിയ കർഷകരെ ആദരിക്കുന്നു. അപേക്ഷ - സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 20. വിവരങ്ങൾക്ക് ബ്ലോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഡയറി എക്സ്റ്റെൻഷൻ സർവ്വീസ് യൂണിറ്റുകളുമായി ബന്ധപ്പെടണം. കാർഷിക മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ കണ്ടുപിടിത്തങ്ങൾ തിരിച്ചറിയുക എന്ന ലക്ഷ്യത്തോടെ കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി ആവിഷ്കരിച്ച പദ്ധതിയാണ് 'നാട്ടിലെ ശാസ്ത്രം

## പരിശീലന പരിപാടി

5. നാളികേര ഗവേഷണ കേന്ദ്രം ബാലരാമപുരത്ത് ICAR-NAHEP-CAAST-KAU 'നാളികേര മൂല്യവർധിത ഉൽപന്ന നിർമ്മാണത്തിൽ ഡിസംബർ മാസം രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു. താല്പര്യമുള്ള നാളികേര കർഷകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, എഫ്.പി. ഓ (FPO), വ്യക്തികൾ, സംരംഭകർ, വിവിധ ഗ്രൂപ്പുകൾ എന്നിവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ 0471-2400621, 8547603318 എന്നീ

നമ്പറിൽ വിളിച്ചു പരിശീലനത്തിന് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനം നടത്തുന്ന തീയതികൾ ഡിസംബർ 15, 16 തീയതികളിലും ഡിസംബർ 20,21 തീയതികളും.

6. മൃഗസംരക്ഷണ വകുപ്പ് തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് 14/12/23 10 മണി മുതൽ 5 മണി വരെ ടർക്കി വളർത്തൽ എന്ന വിഷയത്തിൽ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ 9188522711, 0469-2965535 എന്നീ ഫോൺ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. മലപ്പുറം ജില്ലിയിലെ ആതവനാട് മൃഗസംരക്ഷണപരിശീലനകേന്ദ്രത്തിൽ വച്ച് ഡിസംബർ 14 ന് താറാവ് വളർത്തലിൽ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പ്പര്യമുള്ളവര് 0494-2962296എന്നനമ്പരില് വിളിച്ച് പേര് രജിസ്റ്റര് ചെയ്യേണ്ടതാണ്.

8. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് കണ്ണൂർ, കാസർകോട്, കോഴിക്കോട് ജില്ലകളിലെ കർഷകർക്കായി ഡിസംബർ 14, 15, 16 തീയതികളിൽ ആട് വളർത്തലിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972 763473.

9. റബ്ബർതോട്ടങ്ങളിൽനിന്ന് ശേഖരിക്കുന്ന ഒട്ടുപാലിന് പരമാവധി വില ലഭിക്കുന്നതിനായി അവ സംഭരിച്ച് സൂക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇത് സംബന്ധമായ ചോദ്യങ്ങൾക്ക് ഡിസംബർ 14ാം തീയതി വ്യാഴാഴ്ച 10 മുതൽ ഒരുമണി വരെ റബ്ബർബോർഡുകമ്പനിയായ കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.